(എഫ്) സ്റ്റോർ പർച്ചേസ് മാന്വലിലെ 34 മുതൽ 45 വരെയുള്ള ഖണ്ഡികകളിലെ നിബന്ധനകൾ പാലിച്ചാണ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നത്. ടെണ്ടറിൽ ഓരോ ട്രേഡിംഗ് കമ്പനിക്കാരും ക്വാട്ട് ചെയ്ത തുക എത്രയാണെന്നുള്ള വിവരം അനുബന്ധം II, III, IV-ൽ കൊടുത്തിരിക്കുന്നു*.

(എച്ച്) ബാധകമല്ല.

(ഐ) ബാധകമല്ല.

**ഉൾനാടൻ മത്സ്യബന്ധനം മെച്ചപ്പെടുത്തുന്നതിന് നടപടി**

22 (*788) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായൽ മലിനീകരണം, വിസ്തൃതിയിലുണ്ടായ കുറവ്, വിവേചനരഹിതമായ മത്സ്യബന്ധനം എന്നീ കാരണങ്ങളാൽ ഉൾനാടൻ മത്സ്യബന്ധനം നേരിടുന്ന വിപത്ത് സർക്കാരിന്റെ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ;

(ബി) ഉൾനാടൻ മത്സ്യബന്ധനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യസമ്പത്തിന്റെ അമിത ചൂഷണം, കായൽ ജലസമ്പത്തിന്റെ വിസ്തൃതിയിലുള്ള ശോഷണം, ജലമലിനീകരണം, വിനാശകരമായ മത്സ്യബന്ധന രീതികൾ, കണ്ടൽക്കാടുകളുടെ തിരോധാനം, പരിസ്ഥിതി പ്രശ്നങ്ങൾ, ഏകീകൃത നിയമത്തിന്റെ അഭാവം എന്നിവയാണ് ഉൾനാടൻ മത്സ്യബന്ധന മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഇവയുടെ പരിഹാരമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദഗ്ധോപദേശം കണക്കിലെടുത്ത് മത്സ്യബന്ധനം ക്രമപ്പെടുത്തുന്നതിനും അമിത ചൂഷണം തടയുന്നതിനും ആവശ്യമായ നിയമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഏകീകൃത ഉൾനാടൻ മത്സ്യബന്ധന നിയമം എത്രയും പെട്ടെന്ന് ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**കേന്ദ്ര ഇലക്ട്രിസിറ്റി ബില്ലിലെ നിർദ്ദേശങ്ങൾ**

1 (4609) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഇലക്ട്രിസിറ്റി ബില്ലിലെ നിർദ്ദേശങ്ങൾ സർക്കാർ റിലയിരുത്തുകയുണ്ടായോ ;

(ബി) എങ്കിൽ ഇപ്പോഴത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ ഘടന ഏതെല്ലാം നിലയിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly